## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 479 | 18.11.2019-ൽ മറുപടിക്ക്

### ഗുണ്ടാ ആക്രമണങ്ങളും കൊലപാതകങ്ങളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്<br>ശ്രീ.കെ.എം.ഷാജി<br>ശ്രീ.സി.മമ്മൂട്ടി<br>ശ്രീ.ടി.വി.ഇബ്രാഹിം | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് ഗുണ്ടാ പകയും ആക്രമണങ്ങളും കൊലപാതകങ്ങളും നിരന്തരം ഉണ്ടാകുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (എ) സംസ്ഥാനത്ത് ഗുണ്ടാ പകയും ആക്രമണങ്ങളും കൊലപാതകങ്ങളും നിരന്തരം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ വ്യക്തി വൈരാഗ്യത്തിന്റെ പേരിലുണ്ടാകുന്ന ചില കുറ്റകൃത്യങ്ങളും അതിനുപുറമേ മറ്റ് സംഘടിത കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) ഇത് നിയന്ത്രിക്കാൻ നിലവിലെ ഗുണ്ടാ ആക്ട് പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;<br><br>(സി) എങ്കിൽ അതിനുള്ള അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) ഉണ്ട്.<br>യും<br>(സി) ഗുണ്ടാപ്രവർത്തനങ്ങളിലും മറ്റ് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളിലും നിരന്തരം ഏർപ്പെടുന്ന വ്യക്തികളെ ഇത്തരം ചെയ്തികളിൽ നിന്നും തടയുന്നതിലേയ്ക്ക് KAA(P)A നിയമത്തിലെ 3-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം 6 മാസം വരെ വിചാരണ കൂടാതെ കരുതൽ തടങ്കലിൽ പാർപ്പിക്കാവുന്നതാണ്. കൂടാതെ KAA(P)A നിയമത്തിലെ 15(1)-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ഇത്തരത്തിലുള്ള വ്യക്തികളെ ഒരു പ്രത്യേക<br>യും |

സ്ഥലത്തോ പ്രദേശത്തോ പ്രവേശിക്കുന്നതിന് നിരോധിച്ച് ഉത്തരവാകുന്നതിന് സാധ്യമാകുന്നതും, പ്രസ്തുത ഉത്തരവ് ലംഘിക്കുന്നവർക്ക് KAA(P)A നിയമത്തിലെ 15(4)-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം മൂന്നുവർഷം വരെയുള്ള കാലത്തേക്ക് തടവ് ശിക്ഷ ലഭിക്കാവുന്നതാണ്. ഇതനുസരിച്ച് ഇത്തരക്കാരെ നിരീക്ഷിക്കുകയും ആവശ്യമാകുന്ന ഘട്ടങ്ങളിൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ